ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അധോലോക ആക്രമണങ്ങൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി, സി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

അധോലോക സംഘങ്ങളുടെ ആക്രമണം

82. [82] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2001 മുതൽ 2006 ജനുവരി 15വരെ വിവിധ പോലീസ് സ്റ്റേഷനുകളിലായി രജിസ്റ്റർ ചെയ്തിട്ടുള്ള മോഷണം, പിടിച്ചുപറി, പകൽ കവർച്ച, സാമൂഹ്യ വിരുദ്ധന്മാരുടെ സംഘം ചേർന്നുള്ള ആക്രമണം എന്നിവ സംബന്ധിച്ച് എത്ര കേസുകൾവീതം രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ സാമൂഹ്യ വിരുദ്ധന്മാരുടെയും, അധോലോക സംഘങ്ങളുടെയും ആക്രമണത്തിന്റെ ഫലമായി എത്ര പേർ മരണമടഞ്ഞിട്ടുണ്ട്;

(സി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) ഏതെല്ലാം കേസുകളിലെ പ്രതികളെയാണ് ഇനിയും അറസ്റ്റ് ചെയ്യാനുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

വർഗ്ഗീയ സംഘട്ടനങ്ങൾ

83. [83] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മുതൽ 2006 ജനുവരി 15വരെ സംസ്ഥാനത്ത് എത്ര വർഗ്ഗീയ സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്. എന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഇതേ കാലയളവിൽ എത്ര വർഗ്ഗീയ ലഹളകൾ നടന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് പറയുമോ;

(ഡി) വർഗ്ഗീയ സംഘട്ടനം സംബന്ധിച്ച് എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്;

(ഇ) ഇതിൽ എത്ര കേസ്സുകളിൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly